# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4888 — 21.10.2011-ൽ മറുപടിയ്ക്ക്

## വിജിലൻസ് വിഭാഗം ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി ഗീതാ ഗോപി | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട് സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വനം വകുപ്പിലെ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) പരാതി അന്വേഷണം, വനകുറ്റകൃത്യങ്ങൾ കണ്ടെത്തൽ, വനം വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾ പരിശോധിക്കൽ, അവലോകനം, വനം വകുപ്പിലെ ഉദ്യോഗസ്ഥരുടെ കൃത്യവിലോപം, അധികാര ദുർവിനിയോഗം, അച്ചടക്കരാഹിത്യം മുതലായവയെ സംബന്ധിച്ച അന്വേഷണം, വനോല്പന്നങ്ങളുടെ അനധികൃതമായ കടത്ത് തടയുക, വനകുറ്റകൃത്യങ്ങൾ സംബന്ധിച്ച രഹസ്യവിവരങ്ങൾ ശേഖരിക്കുക, ടെറിട്ടോറിയൽ, വൈൽഡ് ലൈഫ് വിഭാഗങ്ങൾക്ക് വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായം നല്കുക എന്നിവയാണ് വനം വിജിലൻസിന്റെ പ്രധാന പ്രവർത്തനങ്ങൾ.<br><br>വിജിലൻസ് വിഭാഗത്തിന്റെ തലവൻ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്) ആണ്. കോട്ടയം, കോഴിക്കോട് എന്നീ രണ്ടു മേഖലകളായി ഓരോ ഇൻസ്പെക്ഷൻ & ഇവാല്യുവേഷൻ കൺസർവേറ്റർമാരുണ്ട്. ഓരോ ഫോറസ്റ്റ് കൺസർവേറ്ററുടേയും കീഴിൽ നാലു ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ വീതം പ്രവർത്തിക്കുന്നുണ്ട്. എട്ടു ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷനുകളിലായി 18 ഫ്ളൈയിംഗ് സ്ക്വാഡ് റെയിഞ്ചാഫീസുകളും, റെയിഞ്ചാഫീസറെ സഹായിക്കാനായി സംരക്ഷണ വിഭാഗം ജീവനക്കാരും പ്രവർത്തിക്കുന്നുണ്ട്. വിജിലൻസ് ആസ്ഥാനത്ത് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററെ സഹായിക്കാനായി നാല് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരും ജോലി ചെയ്യുന്നുണ്ട്. വിജിലൻസ് വിഭാഗത്തിൽ വിവിധ തസ്തികകളിലായി സംസ്ഥാനത്ത് 265 ഉദ്യോഗസ്ഥരെ ഡ്യൂട്ടിയ്ക്കായി നിയോഗിച്ചിട്ടുണ്ട്. |

(ബി) പ്രസ്തുത വിഭാഗം ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) വനം വകുപ്പിന്റെ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ എടുത്തിട്ടുണ്ട്.

1) വനം ഇന്റലിജൻസ് സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പോലീസ് വകുപ്പുമായി സഹകരിച്ച് വനം വകുപ്പ് ജീവനക്കാർക്ക് രഹസ്യവിവരശേഖരണം സംബന്ധിച്ച പരിശീലനം നല്കി വരുന്നു.

2) നിലവിലുള്ള 8 ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷനുകളെ പുന:സംഘടന വഴി 12 ഡിവിഷനുകളാക്കി വർദ്ധിപ്പിച്ച് ജില്ലാതലത്തിൽ വിജിലൻസ് പ്രവർത്തനം ഊർജ്ജിതമാക്കാനുള്ള നടപടി പരിശോധിച്ചു വരുന്നു.

(സി) പ്രസ്തുത വിഭാഗത്തിന്റെ കീഴിൽ രഹസ്യാന്വേഷണസെൽ പ്രവർത്തിക്കുന്നുണ്ടോയെന്നും കഴിഞ്ഞ വർഷം വിവധ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

(സി) വനം വകുപ്പാസ്ഥാനത്തെ വിജിലൻസ് വിംഗിന്റെ ഭാഗമായി ഒരു അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ മേൽനോട്ടത്തിൽ ഒരു ഇന്റലിജൻസ് സെൽ പ്രവർത്തിക്കുന്നുണ്ട്. വനം കുറ്റകൃത്യങ്ങൾ സംബന്ധിച്ച രഹസ്യ വിവരങ്ങൾ ശേഖരിച്ച് ബന്ധപ്പെട്ട ടെറിട്ടോറിയൽ/വൈൽഡ് ലൈഫ് ഡിവിഷൻ ഉദ്യോഗസ്ഥർക്ക് നടപടിക്കായി നല്കുകയാണ് സെൽ ചെയ്തു വരുന്നത്. കഴിഞ്ഞ വർഷം ഫോറസ്റ്റ് ഇന്റലിജൻസ് സെൽ 187 ഓളം രഹസ്യവിവരങ്ങൾ ശേഖരിക്കുകയും, അവ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റോഫീസർമാർക്ക് കൈമാറുകയും 17 ഓളം റെയിഡുകൾ നടത്തി കടുവാത്തോൽ, പുലിത്തോൽ, ആനക്കൊമ്പ്, ചന്ദനത്തടി എന്നിവയും, അവയിൽ തീർത്ത ഉലപ്പന്നങ്ങളും കണ്ടെത്തി ബന്ധപ്പെട്ട ഡിവിഷനുകളിൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനായി കൈമാറുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ